തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് കണ്ണൂരിൽ നിലനിൽക്കുന്ന വളരെ ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണ്. അങ്ങ് പറഞ്ഞതുപോലെ ബീഡി വ്യവസായം ഇന്ന് പ്രതിസന്ധി നേരിടുകയാണ്. കൈത്തറി വ്യവസായത്തിലും ഗുരുതരമായ സ്ഥിതിവിശേഷമാണുള്ളത്. മരവ്യവസായവും അതുപോലെതന്നെ. ഇവിടെ പ്രധാനപ്പെട്ട രണ്ട് മൂന്ന് മരവ്യവസായ കമ്പനികൾ അടഞ്ഞുകിടക്കുകയാണ്. വെസ്റ്റേൺ ഇൻഡ്യ കോട്ടൺസ് അടക്കം ടെക്സ്റ്റൈൽ മില്ലുകളും അടഞ്ഞുകിടക്കുകയാണ്. ഇതിനോരോന്നിനും ഓരോ കാരണങ്ങളാണുള്ളത്. തൊഴിൽ സമരങ്ങളോ തൊഴിലുമായി ബന്ധപ്പെട്ട കാരണങ്ങളോ അല്ല ഇതിന്റെ കാരണങ്ങൾ എന്നതും അങ്ങേക്ക് അറിയാവുന്നതാണ്. ബീഡിയുടെ ഉപഭോഗം കുറഞ്ഞു അതുകൊണ്ട് ഉൽപ്പാദനവും കുറഞ്ഞു. തൊളിലാളികൾക്ക് തൊഴിലും കുറയുന്നു. ഇപ്പോൾ അന്യ സംസ്ഥാനങ്ങളിൽ നിന്നും-കർണ്ണാടകയിൽ നിന്നും ആന്ധ്രയിൽ നിന്നുമുള്ള കുറച്ച് തൊഴിലാളികളെ ഇവിടെ കൊണ്ടുവന്ന് ചെയ്യിക്കുന്ന തൊഴിലാണ് അവശേഷിക്കുന്നത്. ഇതിനും ചില പ്രശ്നങ്ങളുണ്ട്. അത് പരിഹരിക്കാനുള്ള ശ്രമങ്ങൾ ചർച്ചകളിലൂടെ നടത്തിക്കൊണ്ടിരിക്കുന്നു. സൂരജ് കമ്മിറ്റിയെ വച്ചതുപോലെ തന്നെ കൈത്തറി മേഖലയെ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ ഒന്നുകൂടി വിശദമായി പഠിക്കേണ്ടിയിരിക്കുന്നു. അതിനെ സംബന്ധിച്ച് വ്യവസായ വകുപ്പുമന്ത്രിയുമായി ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. ഇപ്പോൾ കൈത്തറി മേഖലയിൽ മെച്ചപ്പെട്ട സാഹചര്യമുണ്ടായിട്ടുണ്ട്. അന്താരാഷ്ട്ര മാർക്കറ്റിൽ കൈത്തറിയുടെ ഡിമാന്റ് കുറച്ച് വർദ്ധിച്ചുവരുന്നുവെന്നുള്ളതാണ് ഇപ്പോൾ കണ്ടുവരുന്ന പ്രവണത. കേരളത്തിലെ ടെക്സ്റ്റൈൽ മേഖലയാകെ പരിശോധിക്കുമ്പോൾ ടെക്സ്റ്റൈൽ മേഖലയിലെ സ്ഥിതി എല്ലാപേർക്കും അറിയാവുന്നതാണ്. കേരളത്തിലൊട്ടാകെയുള്ള സ്വകാര്യ മില്ലുകളുടെ പ്രവർത്തനങ്ങൾ ഓരോന്നായി നിലച്ചുകൊണ്ടിരിക്കുകയാണ്. അവർ പറയുന്നത് അതിന്റെ പ്രൊഡക്ഷൻ കോസ്റ്റ് കേരളത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണെന്നുള്ളതുകൊണ്ട് മാർക്കറ്റിൽ പിടിച്ചുനിൽക്കാൻ കഴിയുന്നില്ലെന്നാണ്. മറ്റ് സംസ്ഥാനങ്ങളിലെല്ലാം ഇപ്പോൾ സ്ഥിരമായ തൊഴിലാളികളെ പിരിച്ചുവിട്ടിട്ട് ടെമ്പററി തൊഴിലാളികളെ വച്ച് ജോലി ചെയ്യിക്കുന്ന ഒരു സ്ഥിതിയാണ് നിലനിൽക്കുന്നത്. കേരളത്തിലുള്ളത് പഴയ മില്ലുകളാണ്. വർഷങ്ങളായി പണിയെടുക്കുന്ന തൊഴിലാളികളാണ്. അവരെ പിരിച്ചുവിട്ടിട്ട് പുതിയ തൊഴിലാളികളെയെടുക്കുന്ന സംവിധാനം നടപ്പാക്കാൻ ബുദ്ധിമുട്ടുണ്ട്. കഴിഞ്ഞ ദിവസവും അങ്ങയുടെകൂടി സാന്നിദ്ധ്യത്തിൽ വെസ്റ്റേൺ ഇൻഡ്യ കോട്ടൺ മിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിനെ സംബന്ധിച്ച് അവർ നൽകിയ ഒരു പ്രോജക്ട് റിപ്പോർട്ടിനെക്കുറിച്ച് ചർച്ച ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നോ നാളെയോ ഓഫീസിൽ വന്നുതുടങ്ങും. അദ്ദേഹം ഓഫീസിൽ വന്നാലുടനെ അതിനെക്കുറിച്ച് കൂടുതൽ ചർച്ച നടത്തി ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

(3) ടിപ്പർലോറി അപകടങ്ങളും തുടർന്നുണ്ടാകുന്ന മരണങ്ങളും നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. തമ്പാനൂർ രവി : സർ, നമ്മുടെ സംസ്ഥാനത്ത് വാഹനാപകടങ്ങളും അതുപോലെ മരണനിരക്കും ക്രമാതീതമായി വർദ്ധിക്കുകയാണ്. മിനിഞ്ഞാന്ന് സഭയിൽ നൽകിയ ഉത്തരത്തിൽ 2001 ജനുവരി മുതൽ ഡിസംബർ വരെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ 14,729 പേർ വാഹനാപകടത്തിൽ മരിച്ചു. ഈ വർഷം ഇതുവരെ 3500-ലധികം ആളുകൾ മരിച്ചു. ഇത്രയും ഭയാനകമായ ഒരു സാഹചര്യമാണ് ഈ രംഗത്ത് നിലനിൽക്കുന്നത്. ഇതിനിടയിലാണ് ടിപ്പർ ലോറികൾ രംഗപ്രവേശം ചെയ്തിരിക്കുന്നത്. തിരുവനന്തപുരം പട്ടണമുൾപ്പെടെ കേരളത്തിലെ എല്ലാ പത്രങ്ങളും മുഖപ്രസംഗമെഴുതി. ഭയാനകമായ വാർത്ത ദൃശ്യമാധ്യമങ്ങളും കാണിച്ചു. ഇതിന് അടിയന്തിരമായി പരിഹാരമുണ്ടാക്കണം. ഈ വർഷം 793 ടിപ്പർ ലോറി അപകടമാണ് ഉണ്ടായിരിക്കുന്നത്. ജനുവരി മാസം തിരുവനന്തപുരം സിറ്റിയിൽ മാത്രം ഒൻപത് അപകടവും മൂന്ന് മരണവുമുണ്ടായി. നവംബർ മാസത്തിൽ കേരളത്തിൽ 29 അപകടം, എട്ട് മരണം. ഈയടുത്ത കാലത്ത് ചങ്ങനാശ്ശേരി-ആലപ്പുഴ റോഡിൽ ടിപ്പർ ലോറി ബസ്സിലിടിച്ച് 10 പേർ മരിച്ചു. തിരുവനന്തപുരം സിറ്റിയിൽ മാത്രം 400 ടിപ്പർ ലോറികൾ ഓടുന്നുണ്ട്. ടിപ്പർ ലോറികളുടെ അപകടമെന്നു പറയുന്നത് ഇതിൽ അംഗീകരിച്ചിരിക്കുന്ന ലോഡ് 16 ടണ്ണാണ്. 25-ഉം 30-ഉം ടൺ സാധനങ്ങൾ കയറ്റിയാണ് ലോറികൾ മരണപ്പാച്ചിൽ നടത്തുന്നത്. ഡ്രൈവർമാർക്ക് പുറകിൽനിന്നും വരുന്ന വാഹനങ്ങൾ കാണാൻ കഴിയുന്നില്ല. എന്റെ അഭിപ്രായത്തിൽ പട്ടണ പ്രദേശങ്ങളിൽ രാവിലെ എട്ട് മണിമുതൽ വൈകുന്നേരം എട്ട് മണിവരെ ടിപ്പർ ലോറികളുടെ ഓട്ടം പൂർണ്ണമായി നിർത്തിവയ്ക്കണം. തിരക്കുള്ള സമയത്ത് ടിപ്പർ ലോറികൾ പൂർണ്ണമായും നിരോധിക്കാനുള്ള നടപടിയെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇതിനെസംബന്ധിച്ച് ഗതാഗത വകുപ്പിന്റേയും പോലീസ് വകുപ്പിന്റേയും ഉന്നത ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഈ പ്രശ്നം പഠിച്ച് അടിയന്തിരമായ പരിഹാരമുണ്ടാക്കി ആളുകളുടെ ജീവൻ രക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : സർ, ടിപ്പർ ലോറി അപകടങ്ങൾ വർദ്ധിച്ചു വരുന്നതായും അത് വിലപ്പെട്ട ജീവനുകൾ അപഹരിക്കുന്നതുമെല്ലാം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിൽ ഗവൺമെന്റ് ഊർജ്ജിതമായിത്തന്നെ ഇതിനോടകം നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. പോലീസ് ഡിപ്പാർട്ടുമെന്റും മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റും പ്രത്യേകം പ്രത്യേകം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പോലീസ് ഡിപ്പാർട്ടുമെന്റ് തന്നെ വ്യാപകമായ പരിശോധനകൾ നടത്തി സ്പീഡ്കൂട്ടി ഓടുന്ന വാഹനങ്ങൾ കസ്റ്റഡിയിലെടുത്തിട്ടുണ്ട്. ഇതിനുപുറമെ തിരുവനന്തപുരം സിറ്റിക്കകത്ത് കാലത്ത് എട്ട് മണിമുതൽ രാത്രി എട്ട് മണിവരെ ടിപ്പർ ലോറി നിരോധിച്ചുകൊണ്ട് ഡിസ്ട്രിക്ട് കളക്ടർ ഓർഡർ പ്രഖ്യാപിച്ചിട്ടുണ്ട്. ലോറികളിലെല്ലാം സ്പീഡ് ഗവർണർ ഘടിപ്പിക്കണമെന്നുള്ള ഉത്തരവ് മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റ് ഇറക്കിക്കഴിഞ്ഞു. അതിനുപുറമെ മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റ് വ്യാപകമായ രീതിയിൽ സ്പീഡ് ചെക്ക് ചെയ്യുകയും വണ്ടി സീസ് ചെയ്യുകയും വലിയ തുക ഫൈൻ അടിക്കുകയും ചെയ്തുവരുകയാണ്. ഗവൺമെന്റ് ഇത് വളരെ ഗൗരവത്തോടുകൂടിത്തന്നെ കണ്ടിട്ടുണ്ട്. കൂടുതൽ നടപടി സ്വീകരിക്കുന്നതിന് പോലീസിലെ ഉയർന്ന ഉദ്യോഗസ്ഥരെ ചട്ടം കെട്ടുന്നതിനും ഗവൺമെന്റ് തയ്യാറാണ്. എന്ത് നടപടി സ്വീകരിക്കുന്നതിനും ഗവൺമെന്റ് തയ്യാറാണ്. ശക്തമായ നടപടികളിലൂടെ അപകടങ്ങൾ ഒഴിവാക്കുന്നതിന് ഈ ഗവൺമെന്റ് ശ്രമിക്കുമെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പ് നൽകുന്നു.